# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *70 09/08/2017-ൽ മറുപടിയ്ക്ക്

**പട്ടിക ഗോത്രവർഗ്ഗക്കാരിലെ തൊഴിലില്ലായ്മ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ്<br>" ജോർജ്ജ് എം. തോമസ്<br>" കെ. ആൻസലൻ<br>" പി.വി. അൻവർ : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| (എ) | പട്ടിക ഗോത്ര വർഗ്ഗക്കാരിൽ പ്ലസ്ടുവോ സാങ്കേതിക വിദ്യാഭ്യാസമോ പ്രൊഫഷണൽ വിദ്യാഭ്യാസമോ മറ്റ് ഉയർന്ന വിദ്യാഭ്യാസയോഗ്യതയോ നേടിയ പതിനായിരത്തിലധികം പേർ തൊഴിൽരഹിതരായി ഉണ്ടെന്ന വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരിൽ പ്ലസ്ടുവോ അതിന് മുകളിൽ യോഗ്യതയുള്ളവരോ ആയ 11474 പേർ തൊഴിൽ രഹിതരായി ഉണ്ടെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വേയിലൂടെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ മെഡിക്കൽ എഞ്ചിനിയറിംഗ് ബിരുദധാരികളുടെ എണ്ണം 354 ആണ് 237 പേർ നേഴ്സിംഗ് പഠനം കഴിഞ്ഞവരാണ്. ഡിഗ്രിയോടൊപ്പം പിജി പാസായവർ 482 ഉം ബി.എഡ് പാസ്സായവർ 304 ഉം സെറ്റ് പാസ്സായവർ 9 ഉം നെറ്റ് പാസ്സായവർ 10 ഉം ആണ്. റ്റി.റ്റി.സി. പാസ്സായവർ 420 ഉം മറ്റ് സാങ്കേതിക കോഴ്സുകൾ പാസ്സായവർ 670 പേരും ഉണ്ട്.<br><br>എസ്.എസ്.എൽ.സി മുതൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കി വിവിധ വകുപ്പുകൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിലേയ്ക്കായി കൈമാറിയിട്ടുണ്ട്.<br><br>ഇതിന് പുറമെ സർക്കാരിതര മേഖലയിൽ തൊഴിൽ നേടാൻ ഇവരെ പ്രാപ്തരാക്കുന്നതിനുള്ള തൊഴിൽ |

| | | | |
|---|---|---|---|
| | | | പരിശീലന പരിപാടികൾ, കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള പ്രത്യേക പരിപാടികൾ എന്നിവയും ആവിഷ്കരിച്ച് വരുന്നു. |
| **(ബി)** | വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് അവരുടെ യോഗ്യതയനുസരിച്ച് തൊഴിൽ നേടുന്നതിന് സഹായകമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; 'ഗോത്ര ജീവിക' പദ്ധതിയുടെ ലക്ഷ്യങ്ങൾ അറിയിക്കാമോ; | **(ബി)** | റ്റി.റ്റി.സി, ബി.എഡ്. പാസായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ജോലി ലഭ്യമാക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിൽ ഗോത്രബന്ധു പദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം പ്രൈമറി ക്ലാസ്സുകളുള്ള ജില്ലയിലെ 241 സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ റ്റി.റ്റി.സി, ബി.എഡ്. പാസായ പട്ടികവർഗ്ഗക്കാരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരെ 241 മെന്റർ ടീച്ചർമാരായി നിയമച്ചിട്ടുണ്ട്.<br><br>**<u>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സുസ്ഥിരമായി ജീവനോപാധി ഉറപ്പുവരുത്തുന്നതിനുള്ള ഗോത്ര ജീവിക പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.</u>**<br><br>1. ശാസ്ത്രീയമായ പ്രായോഗിക പരിശീലന പരിപാടികളിലൂടെ സുസ്ഥിരമായ വരുമാന സ്രോതസ്സുകൾ, സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നില്ക്കുന്ന പട്ടികവർഗ്ഗ അംഗങ്ങൾക്കായി സൃഷ്ടിക്കുക.<br><br>2. പ്രദേശികമായ ആവശ്യകതകളും കഴിവുകളും ഉപയോഗപ്പെടുത്തി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും അതു വഴി തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക.<br><br>3. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ തൊഴിൽപരത വിദഗ്ധ പരിശീലനത്തിലൂടെ വർദ്ധിപ്പിക്കുകയും നിലവിലുള്ള തൊഴിൽ വിപണിയിലെ അവസരങ്ങൾ മുതലെടുക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുക. |

| | | | |
|---|---|---|---|
| | | | 4. പരിശീലനങ്ങളിലൂടെ ഈ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് സംരംഭകത്വം വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.<br>5. പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് സാമൂഹികവും സാമ്പത്തികവുമായ ഉയർച്ചയും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും ഉറപ്പ് വരുത്തുക. |
| (സി) | പ്രതികൂല സാഹചര്യങ്ങൾ മൂലം പഠനം പൂർത്തിയാക്കാൻ സാധിക്കാത്തവർ ഉൾപ്പെയുള്ള പട്ടിക ഗോത്രവർഗ്ഗക്കാർക്ക് ഉപജീവന മാർഗ്ഗം ഉറപ്പാക്കുന്നതിനുവേണ്ട പദ്ധതി ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (സി) | പ്രതികൂല സാഹചര്യങ്ങൾ മൂലം പഠനം പൂർത്തിയാക്കാൻ സാധിക്കാത്തവർ ഉൾപ്പെയുള്ള പട്ടിക ഗോത്രവർഗ്ഗക്കാർക്ക് ഉപജീവന മാർഗ്ഗം ഉറപ്പാക്കുന്നതിനുവേണ്ടി നൈപുണ്യ വികസനപദ്ധതിയും സ്വയം തൊഴിൽ പദ്ധതിയും നടപ്പിലാക്കിവരുന്നു. സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള പരിശീലനങ്ങൾക്കുമാത്രമാണ് ഉയർന്ന വിദ്യാഭ്യാസ യോഗ്യത പരിഗണിക്കുന്നത്. എന്നാൽ, കെട്ടിട നിർമ്മാണം, ആടുവളർത്തൽ, പെട്ടിക്കടകൾ, കന്നുകട്ടി പരിപാലനം, തേനീച്ച വളർത്തൽ, മുയൽ വളർത്തൽ തുടങ്ങിയ തൊഴിൽ മേഖലകളിൽ വിദ്യാഭ്യാസ യോഗ്യത പരിഗണിക്കാതെ തന്നെ പരിശീലനവും തൊഴിൽ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായവും അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ